**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1947    05.12.2018 ൽ മറുപടിക്കുണ്ടായിരുന്നത്

## ആവിഷ്കാര സ്വാതന്ത്ര്യത്തിന് മേലുള്ള കടന്നുകയറ്റം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.അനിൽ അക്കര<br>ശ്രീ.കെ.എസ്.ശബരീനാഥൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ആവിഷ്കാര സ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റം വ്യാപകമാകുന്നതും കഥാകൃത്തുക്കളെയും കുടുംബാംഗങ്ങളെയും നവമാധ്യമങ്ങളിലൂടെ അവഹേളിക്കുന്നതും ഭീഷണിപ്പെടുത്തുന്നതും വർദ്ധിച്ചുവരുന്ന സാഹചര്യം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;വ്യക്തമാക്കാമോ; | (എ) പരിഗണിച്ചിട്ടുണ്ട്. ഇത്തരം പരാതികളിന്മേൽ ഹൈടെക് ക്രൈം എൻക്വയറി സെല്ലിന്റെയും, ജില്ലാ സൈബർ സെല്ലുകളുടേയും സേവനം ലഭ്യമാക്കി കുറ്റകൃത്യങ്ങൾ നടത്തുന്നവരുടെ പേരു വിവരങ്ങൾ കണ്ടെത്തി ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവികൾ മുഖേന നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) മാതൃഭൂമി വാരികയിൽ പ്രസിദ്ധീകരിച്ച മീശയെന്ന നോവൽ പ്രസിദ്ധീകരണം നിർത്തി വയ്ക്കുവാൻ പ്രസ്തുത നോവലിന്റെ കർത്താവിനെ നിർബന്ധിതനാക്കിയ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) മാതൃഭൂമി വാരികയിൽ പ്രസിദ്ധീകരിച്ചു തുടങ്ങിയ മീശ എന്ന നോവൽ പ്രതിഷേധത്തെ തുടർന്ന് നോവലിസ്റ്റു തന്നെ പിൻവലിക്കുകയായിരുന്നു. |
| (സി) സ്വദേശാഭിമാനി രാമകൃഷ്ണപിള്ള രചിച്ച കാറൽമാർക്സിന്റെ ജീവചരിത്രത്തെ വിമർശിച്ച് ലേഖനം പ്രസിദ്ധപ്പെടുത്തിയതിന്റെ പേരിൽ ലൈബ്രറി കൗൺസിലിന്റെ ഗ്രന്ഥാലോകം മാസികയുടെ പത്രാധിപർക്ക് എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ ഇത് ആവിഷ്കാര സ്വാതന്ത്ര്യത്തിൻ മേലുള്ള കടന്നുകയറ്റമല്ലേ;വിശദീകരിക്കാമോ; | (സി) സ്വദേശാഭിമാനിയുടെ കൃതിയെ കുറിച്ച് ഗ്രന്ഥലോകത്തിൽ സ്വാഭാവികമായും വിമർശിച്ചും അനുകൂലിച്ചും ഉള്ളതായ ലേഖനങ്ങളാണ് പ്രസിദ്ധീകരിച്ചത്. ഇത് മാസികയുടെ നിഷ്പക്ഷമായ രീതിയാണ്. ഇതിന്റെ പേരിൽ പത്രാധിപർക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല. ഗ്രന്ഥാലോകം പത്രാധിപർ വ്യക്തിപരമായ കാരണങ്ങളാൽ സ്ഥാനമൊഴിഞ്ഞതാണ്. |
| (ഡി) എങ്കിൽ എഴുത്തുകാരുടെയും പത്രാധിപന്മാരുടെയും ആവിഷ്കാര സ്വാതന്ത്ര്യത്തിന് കൂച്ച് വിലങ്ങിടുന്ന നടപടികൾ അവസാനിപ്പിക്കുവാൻ എന്ത് ഇടപെടലാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ? | (ഡി) എഴുത്തുകാരുടേയും, പത്രാധിപൻമാരുടേയും ആവിഷ്കാര സ്വാതന്ത്ര്യത്തെ ഹനിക്കുന്ന രീതിയിൽ ക്രിമിനൽ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ